**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1408** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>അങ്കണവാടികളുടെ അടിസ്ഥാന വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടെ വനിത-ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** (എ) വനിതാ ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടെ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി അങ്കണവാടി മെയിന്റനൻസ്, ബേബിഫ്രണ്ട്‌ലി ടോയ്‌ലറ്റ്, കുടിവെള്ള സൗകര്യം എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന്, അങ്കണവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ആയതിനാൽ അടിസ്ഥാന സൗകര്യവികസനത്തിനായി MP, MLA, CSR ഫണ്ടുകൾ ഉപയോഗിക്കുന്നുണ്ട്.

വനിതാ-ശിശു വികസന വകുപ്പ് വഴി MGNREGS അങ്കണവാടി കെട്ടിട നിർമ്മാണം , സക്ഷം അങ്കണവാടി കെട്ടിട നവീകരണം, PM Janman അങ്കണവാടി കെട്ടിട നിർമ്മാണം എന്നീ പദ്ധതികളിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിൽ സക്ഷം അങ്കണവാടി കെട്ടിട നവീകരണത്തിനായി 2192 അങ്കണവാടികൾക്ക് ഒരു ലക്ഷം രൂപ നിരക്കിൽ ആകെ 21,92,00,000/- രൂപയും, MGNREGS അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ 140 അങ്കണവാടി കെട്ടിട നിർമാണത്തിന് വകുപ്പ് വിഹിതം രണ്ട് ലക്ഷം രൂപ നിരക്കിൽ 2,80,00,000/-രൂപയും, PM Janman അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ 5 അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 60,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-1**

| ക്രമനമ്പർ | ജില്ല | ആകെ തുക |
|---|---|---|
| 1 | തിരുവനന്തപുരം | 89,21,000 |
| 2 | കൊല്ലം | 85,23,000 |
| 3 | ആലപ്പുഴ | 71,81,000 |
| 4 | പത്തനംതിട്ട | 51,92,000 |
| 5 | കോട്ടയം | 68,62,000 |
| 6 | ഇടുക്കി | 60,59,000 |
| 7 | എറണാകുളം | 91,50,000 |
| 8 | തൃശ്ശൂർ | 1,08,96,000 |
| 9 | പാലക്കാട് | 89,03,000 |
| 10 | മലപ്പുറം | 1,09,58,000 |
| 11 | കോഴിക്കോട് | 92,62,000 |
| 12 | വയനാട് | 67,40,000 |
| 13 | കണ്ണൂർ | 84,06,000 |
| 14 | കാസർഗോഡ് | 44,74,000 |

സെക്ഷൻ ഓഫീസർ